**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1742** **08-02-2023 - ൽ മറുപടിയ്ക്ക്**

**മലയാളം സർവകലാശാല അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി.ഉമ തോമസ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലയാളം സർവകലാശാലയിലെ അദ്ധ്യാപക നിയമനങ്ങൾക്കായുള്ള ഇന്റർവ്യൂ ബോർഡിൽ ഉദ്യോഗാർത്ഥികളുടെ പി.എച്ച്.ഡി. ഗൈഡുമാരെ ഉൾപ്പെടുത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരമുള്ള നടപടി ഉണ്ടായതെന്ന് വ്യക്തമാക്കുമോ; | (എ) | ഒരു അപേക്ഷക സർവ്വകലാശാലയ്ക്കെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയിൽ അങ്ങനെയൊരാക്ഷേപം ഉന്നയിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയാളം സർവകലാശാല നടത്തിയ അദ്ധ്യാപക നിയമനങ്ങളുടെ ഇന്റർവ്യൂ ബോർഡിൽ ഉൾപ്പെട്ടവരുടെയും റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവരുടെയും വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം മലയാള സർവകലാശാലയിൽ അദ്ധ്യാപക നിയമനങ്ങളൊന്നും തന്നെ നടന്നിട്ടില്ല. |
| (സി) | സർവകലാശാല അദ്ധ്യാപക നിയമനങ്ങൾ സുതാര്യമാക്കുന്നതിനായി പി.എസ്.സി. മുഖേന നിയമനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സർവകലാശാല അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ